# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ . 2602 19/07/2011 ൽ മറുപടിക്ക്

### ഡ്യൂട്ടിക്കിടയിൽ മദ്യപിക്കുന്ന പോലീസുകാർ

ചോദ്യം | മറുപടി

ശ്രീ.പി.ഉബൈദുള്ള: | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)

| | |
|---|---|
| (എ) ക്രിമിനൽ സ്വഭാവമുള്ളവരെ പോലീസ് സേനയിൽ നിന്നും ഒഴിവാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) ക്രിമിനൽ കേസ്സുകളിൽ ഉൾപ്പെടുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ, അവർ ഉൾപ്പെട്ട കുറ്റകൃത്യത്തിന്റെ സ്വഭാവം പരിശോധിച്ച് അനിവാര്യമായ സംഗതികളിൽ വകുപ്പുതല അന്വേഷണം നടത്തി സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നത് ഉൾപ്പെടെയുള്ള നിയമാനുസൃത നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) പോലീസിനിടയിൽ വർദ്ധിച്ചു വരുന്ന ക്രിമിനൽ സ്വഭാവത്തിന്റെ കാരണം മദ്യപാന ശീലമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുമോ ; | (ബി) ഡ്യൂട്ടിക്കിടയിൽ ചില പോലീസ് സേനാംഗങ്ങൾ മദ്യപിക്കുന്നതു സംബന്ധിച്ച് ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരക്കാർക്കെതിരെ കർശനമായ വകുപ്പുതല നടപടികളും സ്വീകരിയ്ക്കുന്നുണ്ട്. |
| (സി) ഡ്യൂട്ടിക്കിടയിൽ പോലീസ് സേനാംഗങ്ങൾ മദ്യപിക്കുന്നതും അതുമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകളും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (സി) യും (ഡി)യും ഡ്യൂട്ടിക്കിടയിൽ പോലീസ് സേനാംഗങ്ങൾ മദ്യപിക്കുന്നത് സംബന്ധിച്ച് ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരക്കാർക്കെതിരെ കർശനമായ വകുപ്പുതല നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) ഇത്തരം ഉദ്യോഗസ്ഥർക്കെതിരെ കർശന ശിക്ഷാനടപടികൾ സ്വീകരിക്കുമോ ? | |

സെക്ഷൻ ഓഫീസർ